(ബി) ഇതിന്റെ നിർമ്മാണത്തിനായി കേരള സർക്കാരും ഐ.എൽ. & എഫ്. എസ്. എന്ന സ്ഥാപനവും തുല്യ പങ്കാളിത്തത്തിൽ കേരള ഹൈസ്പീഡ് കോറിഡോർ കമ്പനി എന്ന പേരിൽ ഒരു എസ്.പി.വി. (സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ) രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്പനി രൂപീകൃതമായശേഷമാണ് മേൽപ്പറഞ്ഞ രീതിയിൽ ഒരു വിശദമായ പദ്ധതി റിപ്പോർട്ട് ഉണ്ടാക്കുവാനുള്ള നടപടി സ്വീകരിച്ചത്.

അതിവേഗ പാത നിർമ്മാണവുമായി ബന്ധപ്പെട്ട് വിശദമായ പദ്ധതി റിപ്പോർട്ട് ഉണ്ടാക്കുന്നതിനായി വിൽബർ സ്മിത്ത് അസോസിയേറ്റ്സ് എന്ന സ്ഥാപനത്തെ നിയോഗിച്ചു. ഫീസിനത്തിൽ ആദ്യഗഡുവായി മേൽപ്പറഞ്ഞ സ്ഥാപനത്തിന് നൽകിയ 76,30,290 രൂപ ഉൾപ്പെടെ മൊത്തം 87,01,910 രൂപ ഇതിനായി ചെലവായി.

പി. ഡബ്ല്യു. ഡി. ഏറ്റെടുത്ത റോഡുകളുടെ പരിഷ്കരണ പ്രവർത്തനങ്ങൾ

45 [3027] *ശ്രീ. ടി. പി. എം. സാഹിർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കോർപ്പറേഷൻ പരിധിയിൽ പി. ഡബ്ല്യു. ഡി. 2001-2005 വരെയുള്ള കാലയളവിൽ ഏതെല്ലാം റോഡുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ഏറ്റെടുത്തു;

(ബി) അവയുടെ പരിഷ്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നറിയിക്കാമോ?

ഉത്തരം

(എ) 2001-2005 കാലയളവിൽ കോഴിക്കോട് കോർപ്പറേഷൻ പരിധിയിൽ വരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുണ്ടായിരുന്ന ഒരു റോഡും തന്നെ പൊതുമരാമത്ത് വകുപ്പ് നടപടിക്രമങ്ങൾ പൂർത്തിയാക്കി ഏറ്റെടുത്തിട്ടില്ല. എന്നാൽ അനുബന്ധമായി ചേർത്തിട്ടുള്ള റോഡുകൾ ഏറ്റെടുക്കുവാൻ സർക്കാർ ഉത്തരവായിട്ടുണ്ട്.†

(ബി) നടപടിക്രമങ്ങൾ പൂർത്തിയാക്കി റോഡുകൾ ഭൗതികമായി ഏറ്റെടുത്തശേഷം ഘട്ടംഘട്ടമായി ഫണ്ടിന്റെ ലഭ്യതയ്ക്കുള്ളിൽനിന്നുകൊണ്ട് പരിഷ്കരണ നടപടികൾ ഏറ്റെടുക്കുന്നതാണ്.

കെ. എസ്. ടി. പി. പദ്ധതി പ്രകാരമുള്ള റോഡ് നിർമ്മാണം

46 [3028] *ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:*
,, *എം. മുരളി:*
,, *കെ. ബാബു:*
,, *വർക്കല കഹാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) കെ. എസ്. ടി. പി. പദ്ധതി പ്രകാരമുള്ള റോഡ് വികസനത്തിന് സ്ഥലമെടുത്തു കൊടുക്കുവാൻ കാലതാമസം വരുന്നുണ്ടോ;

(ബി) എങ്കിൽ വികസനം പൂർത്തിയാക്കുന്നത് വൈകുന്നതിനാൽ ഈ ജോലി ഏറ്റെടുത്തു നടത്തുന്നവർക്ക് നഷ്ടപരിഹാരത്തിനായി കോടതിയെ സമീപിക്കുവാൻ അർഹതയുണ്ടോ;

(സി) ഇനി എത്ര കി. മീ. റോഡ് വികസിപ്പിക്കുന്നതിനുള്ള സ്ഥലമാണ് എടുത്തുകൊടുക്കേണ്ടത്;

(ഡി) ഇതിന്റെ സ്ഥലമെടുപ്പ് പൂർത്തിയാക്കി നിശ്ചിത തീയതിക്കുള്ളിൽ പണി പൂർത്തീകരിക്കാൻ കഴിയുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അർഹതയുണ്ട്.

(സി) & (ഡി) ഒന്നാംഘട്ട അപ്ഗ്രഡേഷനിൽ ഉൾപ്പെടുത്തിയിട്ടുള്ള 254 കി. മീ. ദൂരം റോഡിൽ 17 കി. മീ. ദൂരവും രണ്ടാംഘട്ട അപ്ഗ്രഡേഷനിൽപ്പെട്ട 324 കി. മീ. ദൂരം റോഡിൽ 283 കി. മീ. ദൂരവും ഏറ്റെടുത്തുകൊടുക്കേണ്ടതായിട്ടുണ്ട്. സ്ഥലമെടുപ്പ് പൂർത്തിയാക്കി നിശ്ചിത തീയതിക്കുള്ളിൽ പണി പൂർത്തീകരിക്കുവാൻ കഴിയുമെന്നു പ്രതീക്ഷിക്കുന്നു.

പി. ഡബ്ല്യു. ഡി. യിലെ ടെണ്ടർ

47 [3030] *ശ്രീ. ജോണി നെല്ലൂർ:*
,, *ടി. എം. ജേക്കബ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. ഡബ്ല്യു. ഡി. യിൽ ടെണ്ടർ നടക്കുമ്പോൾ ഒന്നിലേറെ കരാറുകാർ ഒരേ റേറ്റ് ക്വാട്ട് ചെയ്തിരുന്നാൽ ആർക്കാണ് കരാർ ഉറപ്പിക്കേണ്ടതെന്ന് വ്യവസ്ഥ ഉണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) എറണാകുളം ജില്ലയിൽ റോഡ്സ് ഡിവിഷൻ ഇ. ഇ. നമ്പർ ഡി.ബി.റ്റി. 2004-05(14) തീയതി 4-12-2004 ആയി ടെണ്ടർ ക്ഷണിച്ചതിൽ 8 പേർ ഒരേ റേറ്റ് ക്വാട്ട് ചെയ്യുകയും ഇ. ഇ. ഏകപക്ഷീയമായി ഒരാൾക്ക് കരാർ ഉറപ്പിക്കുകയും ചെയ്തകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതേ രീതിയിൽ കണ്ണൂർ ജില്ലയിൽ 7 പേർ ഒരേ റേറ്റ് ക്വാട്ട് ചെയ്ത കേസിൽ കുറിയിട്ട് ആളെ നിശ്ചയിച്ചിരുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതേ രീതിയിൽ സംഭവിക്കുന്നതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കാമോ; ശരിയായ രീതിയിൽ നടക്കാത്ത ടെണ്ടർ റദ്ദ് ചെയ്യുമോ?

LIBRARY ARCHIVES Kerala Legislative Assembly